# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 630 29.05.2019- ൽ മറുപടിക്ക്

## വൈദ്യുതി വിച്ഛേദിക്കപ്പെട്ട ടെക്സ്റ്റൈൽ മില്ലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കുടിശ്ശിക മൂലം കണക്ഷൻ വിച്ഛേദിച്ചതിനെത്തുടർന്ന് കേരള ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലെ ഏഴ് മില്ലുകളും ആറ് മാസത്തിലേറെ ക്കാലം അടച്ചിടേണ്ട സാഹചര്യമുണ്ടായോയെന്ന് വ്യക്തമാക്കുമോ ; | (എ) വൈദ്യുതി കുടിശ്ശിക മൂലം കണക്ഷൻ വിച്ഛേദിച്ചതിനെത്തുടർന്ന് 2016-17 കാലയളവിൽ, കേരള ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലെ 5 മില്ലുകളിൽ 4 മില്ലുകൾ നാലര മാസകാലയളവിലും ഒരു മിൽ രണ്ടര മാസ കാലയളവിലും പ്രവർത്തനരഹിതമായിരുന്നു. |
| (ബി) വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ മില്ലുകളാണ് പ്രവർത്തന രഹിതമായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) & (സി) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലെ മില്ലുകളൊന്നും ഇപ്പോൾ വൈദ്യുതി വിച്ഛേദിച്ചതിനാൽ പ്രവർത്തനരഹിതമായിട്ടില്ല.<br><br>ടെക്സ്ഫെഡിന്റെ കീഴിലുള്ള പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ 02.03.2019 മുതൽ വൈദ്യുതി വിച്ഛേദിച്ചതിനാൽ പ്രവർത്തിക്കുന്നില്ല. 28.03.2019 തീയതിയിലെ ജി.ഒ (ആർ.റ്റി)നം.292/2019/വ്യവ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് പ്രവർത്തന മൂലധനം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ പ്രശ്നം ബഹു.വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്തു പരിഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത മില്ലുകൾ തുടർന്ന് പ്രവർത്തിക്കുന്നതിന് സർക്കാർ ഇടപെട്ട് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ